**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1440** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വകുപ്പിലെ കരാർ ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** |

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ എത്ര കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ എത്ര പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായിട്ടുള്ളത്; അല്ലാതെ നിയമിക്കപ്പെട്ടവർ എത്രയാണ്; ഇവരെ ഏത് ഏജൻസി മുഖേനയാണ് നിയമിച്ചത്; വ്യക്തമാക്കുമോ;

(എ) **വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള കരാർ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു**

| ക്രമ നം | ജില്ല/ ഡയറക്ടറേറ്റ് | കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ | എംപ്ലോയ് മെന്റ് മുഖേന നിയമിക്കപ്പെട്ടവർ | എംപ്ലോയ് മെന്റ് മുഖേന അല്ലാതെ നിയമിക്കപ്പെട്ടവർ |
|---|---|---|---|---|
| 1 | ഡയറക്ടറേറ്റ് | 0 | 0 | 0 |
| 2 | തിരുവനന്തപുരം | 0 | 0 | 0 |
| 3 | കൊല്ലം | 1 | 1 | 0 |
| 4 | പത്തനംതിട്ട | 0 | 0 | 0 |
| 5 | ആലപ്പുഴ | 0 | 0 | 0 |
| 6 | കോട്ടയം | 0 | 0 | 0 |
| 7 | ഇടുക്കി | 0 | 0 | 0 |
| 8 | എറണാകുളം | 0 | 0 | 0 |
| 9 | തൃശ്ശൂർ | 0 | 0 | 0 |
| 10 | പാലക്കാട് | 0 | 0 | 0 |
| 11 | മലപ്പുറം | 8 | 0 | 8<br>(വിദ്യാഭ്യാസ ഉപഡയറക്ടർ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ) |
| 12 | കോഴിക്കോട് | 0 | 0 | 0 |
| 13 | വയനാട് | 0 | 0 | 0 |
| 14 | കണ്ണൂർ | 0 | 0 | 0 |
| 15 | കാസറഗോഡ് | 0 | 0 | 0 |

**ഹയർസെക്കന്ററി വിഭാഗത്തിൻ കീഴിൽ ഐ.സി.റ്റി സെല്ലിൽ നിലവിൽ 2 ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ച് വരുന്നു. 2 പേരെയും എൻ.ഐ.സി മുഖേനയാണ് നിയമിച്ചിരിക്കുന്നത്**

**വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ കരാർ ജീവനക്കാർ ജോലി ചെയ്യുന്നില്ല.**

**പരീക്ഷാഭവനിൽ നിലവിൽ 6 പ്രോഗ്രാമർമാർ, ഒരു ഹാർഡ് വെയർ ടെക്നീഷ്യൻ എന്നിവർ കരാർ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി ജോലി ചെയ്തു വരുന്നു. ഒരു സെക്യൂരിറ്റി ജീവനക്കാരൻ (Ex Service Men)- KEXON മുഖേനയും ജോലി ചെയ്തു വരുന്നു. KTET പരീക്ഷാ ജോലികൾക്കായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആക്കാൻ സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പ്രസ്തുത നടപടികൾ സ്വീകരിച്ച് വരുന്നു.**

(ബി) വിദ്യാഭ്യാസ വകുപ്പിലെ ഉൾപ്പെടെയുള്ള കരാർ

(ബി) **ഉണ്ട്. ആയത് പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2022-2023 അധ്യയന വർഷം ദിവസ വേതനാടിസ്ഥാനത്തിൽ താല്ക്കാലിക**

| | | | |
|---|---|---|---|
| | നിയമനങ്ങൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെന്റ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ? | | **നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ(ജെ) വകുപ്പിന്റെ 27/05/2022 ലെ സ.ഉ(കൈ) നമ്പർ 89/22/ പൊ.വി.വ ഉത്തരവ് പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ കരാർ ജീവനക്കാർ ജോലി ചെയ്യുന്നില്ല.** |

സെക്ഷൻ ഓഫീസർ